ലേഖനം നമ്പർ 28

# വിശുദ്ധ കുർബ്ബാന - ലഘുവ്യാഖ്യാനം

**ദൈവമാതാവിനോടുള്ള ധൂപപ്രാർത്ഥന :**

“നിന്നാൾ സ്തുതി....” മുതൽ “മോറോനീശോ.....” വരെയുള്ള ഗീതങ്ങൾ ഇതിൽ പെടുന്നു. സഭയും, വിശ്വാസികളുടെ സമൂഹവും വിശുദ്ധ മാതാവും കൂടി ദൈവത്തെ ആരാധിക്കുന്നതിനെ ഇവിടെ സൂചിപ്പിക്കുന്നു. ഈ സമയത്ത് ദൈവമാതാവായ കന്യകമറിയാമിനുവേണ്ടി പട്ടക്കാരൻ ധൂപക്കുറ്റിയിൽ കുന്തിരിക്കം ഇട്ട് ധൂപാർപ്പണം നടത്തുന്നു.

പെത്ഗോമാ – സങ്കീർത്തനം 45 : 9–11

“നിന്നാൾ സ്തുതിയോടു....... പിതൃഗ്രഹവും ബാറെക്മോർ.”

ഈ ഗീതത്തിന്റെ അർത്ഥം : നിന്നെ സ്തുതിച്ചുകൊണ്ടു നിൽക്കുന്ന ഇവർ രാജകുമാരിയാണ് (മറിയാം). നിന്റെ വലത്തുഭാഗത്തു നിൽക്കുന്നത് രാജ്ഞിയാണ്. രാജാവു നിന്റെ സൗന്ദര്യത്തെ ആഗ്രഹിക്കുന്നതിനുവേണ്ടി നിന്റെ സ്വന്തജനത്തെയും പിതൃഭവനത്തെയും മറക്കുക.

എക്ബോ : “ഭക്തർ പുകഴ്ചാ ഭാജനമേ.... പക്കലപേക്ഷയണക്കേണം”

അർത്ഥം – ഭക്തരുടെ അഭിമാന ഭാജനമെ നിന്റെ ഉള്ളിൽ ജനിച്ച ഏക പുത്രന്റെ തിരുമനസ്സ് ഞങ്ങളിൽ അലിയുവാൻ തക്കവണ്ണം അവന്റെ അടുക്കൽ നീ അപേക്ഷിക്കേണമേ.

കോലോകൾ 1 : “മന്നമകൾക്കായി ശ്ലോമ്മോ..........................ന്നിൽ തന്നുദയമതും”.

അർത്ഥം : ദൂതശ്രേഷ്ഠൻ വന്ന് രാജകുമാരിക്ക് സമാധാനം കൊടുത്തുകൊണ്ടുപറഞ്ഞു – “ദൈവം നിന്നോടുകൂടെയുണ്ട് നിന്നിൽ നിന്ന് അവൻ ഉദിക്കും” (ലൂക്കോ 1: 28)

“അഖിലജഗൽപതിയെ.................. വലുതാം പടവായ്താൻ .................. മൊറിയോ”

അർത്ഥം – സർവ്വലോകത്തിന്റെയും അധിപനും കപ്പിത്താനുമായ ദൈവത്തെ മറിയം ഒരു കപ്പലിനൊപ്പം ഉള്ളിൽ സ്വീകരിച്ച് വലുതായി ബഹുമാനിച്ച് ആഘോഷിച്ചു.

അല്ലെങ്കിൽ

കോലോകൾ 2 : “മറിയാമ്മിൽ സ്മരണം.................................ആത്മാവിനു കോട്ട. ബാറെ.................... ശുബഹോ.........”

അർത്ഥം – മറിയാമ്മിന്റെ ഓർമ്മ അനുഗ്രഹപ്രദമായി തീരട്ടെ. അവളുടെ പ്രാർത്ഥന ഞങ്ങളുടെ ആത്മാവിനു കോട്ടയായിരിക്കട്ടെ.

“ദൈവം പ്രസവിത്രി.......................................സുഖപരിമളധൂപം മൊറി..................”

അർത്ഥം – ദൈവത്തെ പ്രസവിച്ചവളായ കന്യകമറിയാമ്മിനു വായുമണ്ഡലത്തിലുയർന്നു പോകുന്ന ധൂപം അണയ്ക്കുന്നു.

ബോവൂസാ : “മോറോനീശോ............................മായ്ച്ചീടേണം”

അർത്ഥം – ഈശോമശിഹാ നിന്റെ കുരിശും മാതാവിന്റെ പ്രാർത്ഥനയും മൂലം അടികളെയും നിന്റെ കോപത്തിന്റെ ശിക്ഷകളെയും മായിച്ചുകളയേണമെ.

അല്ലെങ്കിൽ

“നിർത്തീടരുതെ.......................................നേകാത്മജനോടർത്ഥിക്ക......................”

അർത്ഥം – അല്ലയോ പരിശുദ്ധേ ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ പ്രാർത്ഥന നിർത്തരുതേ. ഞങ്ങളിൽ അലിവു തോന്നുവാൻ ഏകപുത്രനോടു നീ അഭ്യർത്ഥിക്കേണമേ.

*(തുടരും...)* ■

## ഡോക്ടറേറ്റ് ലഭിച്ചു



അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനിക്ക് ബെംഗളൂരു സെന്റ് പീറ്റേഴ്സ് സെമിനാരിയിൽ നിന്ന് ‘ക്രിസ്റ്റ്യൻ മിസ്റ്റിസിസ’ത്തിൽ ഡോക്ടറേറ്റ് ലഭിച്ചു.

പരിശുദ്ധ പരുമല തിരുമേനി, പരിശുദ്ധ ഗീർവർഗ്ഗീസ് ദിദീയൻ ബാവ, സിസ്റ്റർ സൂസൻ കുരുവിള എന്നിവരുടെ യോഗാത്മകാനുഭവങ്ങളായിരുന്നു വിഷയം.

## പ്രാർത്ഥന യോഗങ്ങൾ

**St. Marys Unit (Central Area) 13-09-2015 - 4 pm**
ശ്രീ. **കെ.ടി. തോമസ്,** പീസ്ലൈൻ,
എറണാകുളം നോർത്ത്, ബാനർജി റോഡ്.
Ph: 2363896, Mob: 9447163896

**St. Thomas Unit (North-Pachalam Area) 20-09-2015 - 4 pm**
ശ്രീ. **ടി.പി. ബെന്നി,** തോലോത്ത്,
ഗ്രീൻ ഗാർഡൻ, വടുതല, Mob: 9446206492

**St. Gregorios Unit (Elamkulam-Kadavanthra Area) 20-09-2015 - 4 pm**
ശ്രീ. **ജോർജ്ജ് മാത്യു ഫിലിപ്പ്,** C4/121, ഇന്ദിര നഗർ,
കെ.പി. വള്ളോൻ റോഡ്,
കടവന്ത്ര, Mob: 9947442278, 9605091384




Editorial Board : P.T. John, K.K. George (94470 40484), V.N. Philipose, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490





PARISH News
MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM
VOL : 9 ISSUE : 09 SEPTEMBER 2015

ഇടയ ലേഖനം

# പൊന്നോണ ചിന്തകൾ

**ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത**



സുന്ദരമായ ഒരു കഥയാണ് തിരുവോണവുമായി കെട്ടിപ്പിണഞ്ഞുകിടക്കുന്ന മഹാബലി ചരിതം. ഓണാഘോഷത്തിന്റെ ശബ്ദഘോഷത്തിലും മധുരത്തിലും അവാച്യാനുഭൂതിയിൽ ‘ബലി’കഥയുടെ വിശദാംശങ്ങൾ വിസ്മൃതമായേക്കാം. തപോശക്തികൊണ്ടും യാഗശക്തികൊണ്ടും ദേവലോകം കീഴടക്കിയ ബലി ചക്രവർത്തിയെ ദേവന്മാർപോലും ഭയപ്പെട്ടത്രെ. അപ്പോൾ അദ്ദേഹത്തെ കീഴടക്കി “മോക്ഷം” നൽകാൻ അവർ പദ്ധതി തയ്യാറാക്കിപോലും. പാതാളത്തിൽ പോയാലും വർഷത്തിലൊരിക്കലെങ്കിലും മടങ്ങിവരുന്ന ഒരു ചക്രവർത്തി ഈ ഇതിഹാസത്തിൽ ചരിത്രമോ, മിഥ്യയോ, കെട്ടുകഥയോ അന്വേഷിക്കുന്നവർക്കു മുമ്പിൽ തുറന്നു വരുന്ന പാരമ്പര്യങ്ങൾ പലതാണ്. അതെല്ലാം ഇഴപിരിച്ച് അപഗ്രഥിച്ചാൽ തിരുവോണ മധുരമെന്ന അനിർവചനീയമായ അനുഭൂതി നഷ്ടമായതുതന്നെ!

എക്കാലത്തേയും ഭരണാധിപന്മാർക്ക് മാതൃകയാണ് സ്വയം ബലിയായി തീരുന്ന ഈ ധർമ്മപുരുഷൻ. നാട്ടിൽ കൊലയും, കൊള്ളിവെപ്പും, അഴിമതിയുമില്ലാത്ത ഒരു കാലം അങ്ങനെ കടലാസിലും കഥയിലുമായി വർഷത്തിലൊരിക്കൽ ഉയിർത്തെഴുന്നേറ്റു വരുന്നു. പ്രജകളുടെ ക്ഷേമമല്ലാതെ സ്വന്തം കീശ വീർപ്പിക്കാൻ ശ്രമിക്കാത്ത ഒരു രാജാവ്. അദ്ദേഹം ദേവനോ അസുരനോ ആരുമാകട്ടെ. പ്രജകൾക്കും നാടിനും വേണ്ടി ത്യാഗം ചെയ്യാൻ സന്നദ്ധനാകുന്ന മറ്റു രാജാവുണ്ടോ? ഇവിടെ കഥയ്ക്ക് കടിഞ്ഞാണിട്ടാൽ ലോകം മുഴുവന്റേയും ജീവനും, ഉന്നമനത്തിനും വേണ്ടി സ്വയം “മഹാബലി”യായിത്തീർന്ന യേശുക്രിസ്തുവിന്റെ രൂപം തെളിയുന്നു. അത് മിത്തല്ല, കഥയുമല്ല, കേവലം ചരിത്രം. അപ്പോൾ അതിലും മധുരവും, ഗാനവും മറ്റും ഉണ്ടായാൽ അത്ഭുതപ്പെടാനില്ല. ‘ബലി’യില്ലാതെ ക്ഷേമമില്ല. അഴിമതി നട്ടുവളർത്തിയാൽ വിളയുന്നത് ക്ഷാമമായിരിക്കും.

മാനുഷ്യരെല്ലാം ഒന്നുപോലെ എന്നു പാടിയാൽ, എല്ലാവരും ഒരുപോലെയാവില്ല എന്നത് സത്യം. എന്നാൽ അതിലൊളിഞ്ഞിരിക്കുന്ന തത്വം കാണാതെ പോകരുത്. സമമായ അവസരങ്ങളും പരിഗണനയും ലഭിക്കുന്ന ഒരു വ്യവസ്ഥിതി, ദരിദ്രരെ കരുതുന്ന ധനികരുള്ള ഒരു സമൂഹം, ആരും പട്ടിണി കിടക്കാൻ പാടില്ല എന്ന നിർബ്ബന്ധം. അവിടെ ജാതി – വർഗ്ഗഭേദങ്ങൾ ഗണിക്കപ്പെടുന്നില്ല. എല്ലാവരും മനുഷ്യരാണ്, മനുഷ്യർ ഈശ്വരസൃഷ്ടിയും, ദൈവസാദൃശ്യം വഹിക്കുന്നവരും അത്തരം ഒരു സാഹചര്യത്തിൽ, ദരിദ്രനെ കൈപിടിച്ചുയർത്തുന്നത് സൗജന്യവും, ‘ചാരിറ്റി’യുമല്ല, കടമ മാത്രം. അതു ചെയ്യാത്തത് അധർമ്മവും.

പോയകാലങ്ങളെ മറക്കാൻ പാടില്ല. ചരിത്രം എന്നത് ഒരു പ്രവാഹമാണ്. അതിൽ ആരും ഒറ്റപ്പെട്ടവരല്ല. ഇന്നലെ ഇല്ലാതെ ഇന്നില്ല. ഇന്നലെയും ഇന്നുമില്ലാതെ നാളെയും. ഗതകാലത്തെ നന്മകൾ ഇന്നത്തെയും നാളത്തെയും ധർമ്മവ്യവസ്ഥയുടെ ആണിക്കല്ലാണ്. യേശു തന്നെയും ‘ആദിയിൽ’ ഉണ്ടായിരുന്ന സ്ഥിതിയെപ്പറ്റി അനുസ്മരിപ്പിക്കുന്നുണ്ടല്ലോ. ചരിത്രവും, മനുഷ്യത്വവും, പരിഷ്കാരവും, പുരോഗതിയും നമ്മുടെ തലമുറയിൽ ആരംഭിച്ചതല്ല. അതിന് അടിവേരുണ്ട്. കടന്നുപോയ തലമുറകളെ നമിക്കാതെ പുതിയ തലമുറയ്ക്ക് ദിഗ്ബോധമുണ്ടാവില്ല, അതിനെ ക്രിസ്ത്യാനികൾ ‘വിശുദ്ധ പാരമ്പര്യം’ എന്നു വിളിക്കുന്നു. ■

എഡിറ്റോറിയൽ

# വാതിൽ തുറന്നുകൊടുക്കുമോ?



“ലോകപ്രകാശം” എന്നൊരു മികച്ച ചിത്രമുണ്ട്. പലരും അതു കണ്ടിട്ടുണ്ടാവും. അടച്ചിട്ടിരിക്കുന്ന ഒരു വാതിലിൽ യേശു മുട്ടിക്കൊണ്ടിരിക്കുന്ന ഒരു ചിത്രം. ഹോൾമാൻ ഹണ്ട് എന്ന പ്രശസ്ത ചിത്രകാരനാണതിന്റെ രചയിതാവ്. ആ ചിത്രത്തിന്റെ ഒരു കോപ്പി ലണ്ടനിലെ സെന്റ് പോൾ കത്തീഡ്രലിലുണ്ട്. പലരും ആ ചിത്രത്തിലേക്ക് നോക്കി ധ്യാനിക്കുക പതിവാണ്. യേശു മുട്ടിവിളിക്കുന്ന വാതിലിനു പിടിയില്ല എന്നൊരു പ്രത്യേകതയുണ്ട്. കലാകാരന്മാർ മനുഷ്യഹൃദയത്തിന്റെ കവാടമാണുദ്ദേശിച്ചിട്ടുള്ളത്. അതിനു പിടി അകത്തുനിന്നു മാത്രമെ ഉണ്ടാകുകയുള്ളു. തുറന്നുകൊടുത്താൽ യേശുദേവന് അകത്തേക്കു പ്രവേശിക്കാം.

യേശുവിനെ വരച്ചിരിക്കുന്നത് ഹണ്ടിന്റെ കൂട്ടുകാരനായ ക്ലാർക്ക് എന്നൊരാളെ മോഡലാക്കിയാണ്. യേശുവിന്റെ മുഖം മാത്രമെ അതിൽ വ്യത്യസ്തമായിട്ടുള്ളൂ. കാലുകളും, കൈകളുമെല്ലാം മോഡലിന്റേതു തന്നെയാണെന്ന് ഹണ്ട് തന്റെ ഡയറിയിൽ കുറിച്ചിട്ടുണ്ട്. എല്ലാ മനുഷ്യരിലും ദൈവത്തിന്റെ അംശം ഉണ്ട്. അത് പുറത്തുകാണണമെങ്കിൽ മനുഷ്യനിൽ നന്മയുണ്ടാകുകയും, അവൻ മറ്റുള്ളവരെ സ്നേഹിക്കുകയും വേണം. യേശുദേവൻ മറ്റുള്ളവരെ അഗാധമായി സ്നേഹിച്ചിരുന്നെന്ന് നമുക്കറിയാമല്ലോ. മനുഷ്യപുത്രനായി തന്നെയാണല്ലോ യേശുക്രിസ്തു ലോകത്തിൽ ജീവിച്ചത്. യേശുക്രിസ്തു കാണിച്ചുതന്ന വഴിയെ മുമ്പോട്ടു പോകുവാൻ മനുഷ്യർക്ക് കഴിയേണ്ടതല്ലേ?

നമുക്ക് ദൈവത്തെപ്പോലെയാകേണ്ടതില്ല. ‘ഹവ്വ’യുടെ ആഗ്രഹം അതായിരുന്നല്ലോ. യേശുവിനെ അനുകരിച്ച് മനുഷ്യരായിത്തന്നെ ജീവിക്കുവാൻ ശ്രമിക്കുന്നതാണ് ഉചിതമായിട്ടുള്ളത്. ■

## വികാരിയുടെ കത്ത്

# ഓർത്തഡോക്സ് വിശ്വാസത്തിൽ കന്യകമറിയാമിന്റെ സ്ഥാനം

**ഫാ. പി. ഐ. വർഗ്ഗീസ്**



പ: ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ മലങ്കരയിലെ ഒട്ടന വധി ദേവാലയങ്ങളിൽ എട്ടുനോമ്പാചരണവും, പെരുന്നാളും നടക്കുന്ന ഒരു കാലയളവാണ് ഇപ്പോൾ. ഈ സന്ദർഭത്തിൽ ഓർത്തഡോക്സ് വിശ്വാസത്തിൽ കന്യകമറിയാമിനുള്ള സ്ഥാനം എന്ത് എന്ന് ചുരുക്കമായി ചിന്തിക്കുന്നത് സംഗത മാണെന്ന് കരുതുന്നു.

അഞ്ചാം നൂറ്റാണ്ടോടുകൂടി, കൃത്യമായി പറഞ്ഞാൽ എ.ഡി. 431-ലെ എഫേസൂസ് സുന്നഹദോസിനോട് കൂടിയാണ് യേശുക്രിസ്തുവിന്റെ മാതാവായ കന്യകമറിയാമിന് ക്രിസ്തീയ വിശ്വാസത്തിലുള്ള ദൈവശാസ്ത്രപരമായ സ്ഥാനത്തെക്കുറിച്ച് സഭ ഗൗരവമായി ചിന്തിച്ചു തുടങ്ങിയത്. കർത്താവിന്റ അമ്മ എന്ന നിലയിൽ അർഹമായ ഒരു സ്ഥാനം സഭയിലുണ്ടായിരുന്നെങ്കിലും ഗഹനമായി ചിന്തിക്കുകയോ പഠിക്കുകയോ ചെയ്തിരുന്നില്ല. ക്രിസ്തുവിനെ രണ്ടാം ആദാമായി പൗലൂസ്ശ്ലീഹാ ചിത്രീകരിച്ചതുപോലെ രണ്ടാം ഹവ്വായെന്ന് കന്യകമറിയാമിനെ ചില ചിന്തകന്മാർ ചിത്രീകരിച്ചിട്ടുണ്ട്. പ:സഭയുടെ ആരാധനക്രമങ്ങളിൽ മാതാവിന് സ്ഥാനം ലഭിച്ചതും, പെരുന്നാളുകൾ ആഘോഷിച്ചുതുടങ്ങിയതും അഞ്ചാം നൂറ്റാണ്ടിനുശേഷമാണ്.

പൗരസ്ത്യസഭയുടെ വിശ്വാസത്തിൽ കന്യകമറിയാമിന് ഒറ്റപ്പെട്ട ഒരു സ്ഥാനം നൽകുന്നില്ല. മറിച്ച് ക്രിസ്തുവിനോടും, പ:സഭയോടും മാതാവിന്റെ സ്ഥാനം അഭേദ്യമായി ബന്ധപ്പെട്ടു നിൽക്കുന്നു. യേശു ദൈവപുത്രനും മനുഷ്യരക്ഷകനുമാണെന്നുള്ള സഭയുടെ പ്രബോധനത്തെ ശക്തീകരിക്കുന്ന ചില ഉദാഹരണങ്ങൾ, ആദിമനൂറ്റാണ്ടുകളിൽ, കന്യകയിൽ നിന്നുള്ള ക്രിസ്തുവിന്റെ ജനനത്തെ അടിസ്ഥാനമാക്കി സഭ ഊന്നിപ്പറഞ്ഞിട്ടുണ്ട്.

1. പൗലൂസ് ശ്ലീഹാ, ഗലാത്യർ. 4.4 –ൽ പറയുന്നു. "ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്ന് ജനിച്ചവനായി നിയോഗിച്ചയച്ചു" എന്ന്. കർത്താവിന്റെ മനുഷ്യത്വം യഥാർത്ഥവും പൂർണ്ണവുമായിരുന്നു എന്നു കാണിക്കുവാൻ വേണ്ടിയാണ് ഇത്.

2. ക്രിസ്തുവിന്റ ദൈവത്വവും മനുഷ്യത്വവും ഒരുപോലെ പ്രാധാന്യമുള്ളതാണെന്നു കാണിക്കുവാൻ "പരിശുദ്ധാത്മാവിൽ നിന്നും, കന്യകയിൽനിന്നും ജനിച്ച ക്രിസ്തു" എന്ന് സഭയുടെ വിശ്വാസപ്രമാണങ്ങളിൽ രണ്ടാം നൂറ്റാണ്ടു മുതലേ ഉപയോഗിച്ചു വരുന്നു.

3. 5-ാം നൂറ്റാണ്ടിൽ കോൺസ്റ്റന്റിനോപ്പിളിലെ പാത്രിയാർക്കീസ് ആയിരുന്ന നെസ്തോറിയോസ് ക്രിസ്തുവിന്റെ ദൈവസ്വഭാവത്തേയും മനുഷ്യസ്വഭാവത്തേയും രണ്ടായി വേർതിരിച്ച് ചിന്തിച്ചു. മാത്രമല്ല മറിയാമിൽ നിന്ന് ജനിച്ചത് മനുഷ്യസ്വഭാവം മാത്രമാണെന്നും ദൈവത്വം സ്ത്രീയുടെ ഉദരത്തിൽ ഒൻപത് മാസം സ്ഥിതി ചെയ്ത്, പിന്നീട് ജനിച്ചു എന്ന് പറയുന്നത് ശരിയല്ലെന്നും വാദിച്ചു. അതായത് മറിയാമിനെ ദൈവമാതാവെന്ന് വിളിക്കുവാൻ സാധിക്കുകയില്ല. പകരം ക്രിസ്തുവിന്റ മാതാവ് എന്നു വിളിച്ചാൽ മതിയെന്നും പ്രഖ്യാപിച്ചു.

എ.ഡി. 431-ൽ അലക്സാന്ത്രിയ പാത്രിയാർക്കീസ് കുറിലോസിന്റെ നേതൃത്വത്തിൽ എഫേസോസിൽ സമ്മേളിച്ച സുന്നഹദോസ് നെസ്തോറിയസിന്റെ വാദഗതിയെ പിൻതള്ളി, ദൈവത്തെ വഹിച്ചവൾ എന്നർത്ഥം വരുന്ന ദൈവമാതാവ് (Theotokos) എന്ന് കന്യകമറിയാമിനെ സംബോധന ചെയ്യാൻ തീരുമാനിച്ചു. ഈ ബഹുമതി മാതാവിന് നൽകിയതിന്റെ ലക്ഷ്യം വ്യക്തമാണ്, അതായത് യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും അഭേദ്യമായി യോജിച്ചിരുന്നു എന്നും യേശു പൂർണ്ണ ദൈവവും പൂർണ്ണമനുഷ്യനുമാണെന്നുള്ള സത്യം ഉറപ്പിക്കുന്നതിനുവേണ്ടിയുമാണ്. ഓർത്തഡോക്സ് സഭകൾ ഈ വിശ്വാസസത്യം ഒരിയ്ക്കലും വിസ്മരിച്ചിട്ടില്ല.

ഇനിയും പ.സഭയുമായി വി. മറിയാമിനെ ബന്ധപ്പെടുത്തിയിരിക്കുന്നത് എങ്ങനെയെന്ന് ചിന്തിക്കാം. ഒരു സാധാരണ സ്ത്രീയായിരുന്ന മറിയാമിനെ ദൈവപുത്രന്റെ മാതാവായി തെരഞ്ഞെടുത്തതായി തിരുവചനം വ്യക്തമാക്കുന്നു. ക്രിസ്തു ഒഴികെ പാപമില്ലാത്തവരായി ആരുമില്ല എന്ന് പഠിപ്പിക്കുമ്പോൾ മനുഷ്യവർഗ്ഗത്തിലെ മറ്റുള്ളവരെപ്പോലെ ആയിരുന്നു മറിയാം എന്ന് സ്പഷ്ടം. അവളെ വിശുദ്ധീകരിച്ച് ദൈവം അവളിൽ ഇറങ്ങി വസിച്ചു എന്ന് സഭ പഠിപ്പിക്കുമ്പോൾ ഇതുമായി ബന്ധപ്പെട്ട കത്തോലിക്കാ വിശ്വാസം മറിയാമിന്റെ അമലോത്ഭവ സിദ്ധാന്തം പൗരസ്ത്യ സഭ സ്വീകരിക്കുന്നില്ല.

*(അടുത്ത ലക്കത്തിൽ തുടരും....)* ■

## കുടുംബ വിശേഷങ്ങൾ

### മാമോദീസ

എറണാകുളം പി.ടി. ഉഷ റോഡ്, മൊണാർക്ക് അപ്പാർട്ട്മെന്റിൽ ശ്രീ. ജഫി തോമസിന്റെയും ശ്രീമതി സബിൻ മേരി എബ്രഹാമിന്റെയും മകൻ **EZEKIEL** 08-08- 2015 ൽ മാമോദീസ സ്വീകരിച്ചു.

പച്ചാളം തുകലൻ വീട്ടിൽ ശ്രീ. നവീൻ ജേക്കബ് ജോണിന്റെയും ശ്രീമതി ലിസ സതീഷിന്റെയും മകൻ **ജോൺ ജേക്കബ് (IAN)** 16-08-2015 ൽ മാമോദീസ സ്വീകരിച്ചു.

എറണാകുളം ചിറ്റൂർ റോഡ് പൂപ്പള്ളിൽ ശ്രീമതി എലിസബത്ത് ചെറിയാന്റെയും ശ്രീ ബെസ്റ്റിൻ ജോർജ്ജ് തോമസിന്റെയും മകൻ **ചെറിയാൻ തോമസ് ജോർജ്ജ് (RYAN)** 30-08-2015 ൽ മാമോദീസ സ്വീകരിച്ചു.

എറണാകുളം ചിറ്റൂർ റോഡ് പൂപ്പള്ളിൽ ശ്രീമതി അന്ന ചെറിയാന്റെയും ശ്രീ വിവേക് ജോണിന്റെയും മകൻ **Vihaan John** 30-08 -2015 ൽ മാമോദീസ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു*

### വിവാഹം

എറണാകുളം SRM റോഡ് ചീരൻ ഹൗസ് താബോറിൽ ശ്രീ. സി.ടി. തമ്പിയുടെയും ശ്രീമതി മോളി തമ്പിയുടെയും മകൻ **ജോയി സി. തമ്പി**യും, അഗളി പുത്തൻപുരയ്ക്കൻ ശ്രീ. പി. എസ്. ജോൺസന്റെയും ശ്രീമതി റെജി ജോൺസന്റെയും മകൾ **ഹെന്ന**യും 30-08-2015 ൽ കത്തീഡ്രലിൽ വിവാഹിതരായി.

എറണാകുളം മരട് ചെറുവള്ളിത്തറയിൽ വീട്ടിൽ ശ്രീ. സി.ജെ. ഫിലിപ്പിന്റെയും ശ്രീമതി മോളി ഫിലിപ്പിന്റെയും മകൾ **സോജി**യായും വാകത്താനം വൻപള്ളിൽ വീട്ടിൽ ശ്രീ. തോമസ് ആന്റണിയുടെയും ശ്രീമതി റെജി തോമസിന്റെയും മകൻ **നിബിനും** തമ്മിലുള്ള വിവാഹം 31-08-2015 ൽ വാകത്താനം വള്ളിക്കാട്ട് ദയറായിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

### വിശേഷ ദിവസങ്ങൾ

| | | |
|---|---|---|
| സെപ്റ്റംബർ | 08 ചൊവ്വ | എട്ടുനോമ്പു വീടൽ വി. ദൈവ മാതാവിന്റെ ജനനപെരുന്നാൾ |
| | 14 തിങ്കൾ | സ്ലീബാ പെരുന്നാൾ |





## ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാൾ









ഓഗസ്റ്റ് 14, 15 തീയതികളിൽ ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാൾ കത്തീഡ്രലിൽ ആചരിച്ചു. വൈദിക സെമിനാരി അദ്ധ്യാപകൻ റവ. ഫാ. റെജി മാത്യു പെരുന്നാൾ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. 14-ാം തീയതി സന്ധ്യാനമസ്ക്കാരത്തിനു ശേഷം റവ. ഫാ. റെജി മാത്യു സുവിശേഷ സന്ദേശം നൽകി. പ്രദക്ഷിണത്തോടുകൂടി 14-ാം തീയതിയിലെ ചടങ്ങുകൾ അവസാനിച്ചു. 15-ാം തീയതി രാവിലെ 7 മണിക്ക് വിശുദ്ധ കുർബ്ബാന തുടർന്ന് പ്രദക്ഷിണം, നേർച്ചവിളമ്പ്, പ്രഭാതഭക്ഷണം എന്നിവയോടുകൂടി പെരുന്നാൾ ചടങ്ങുകൾ സമാപിച്ചു.

## സ്നേഹനിധി







അഭി. ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ സ്മരണക്കായി നൽകുന്ന വിദ്യാഭ്യാസ ധന സഹായം ഓഗസ്റ്റ് 16-ാം തീയതി വൈകീട്ട് 4 മണിക്ക് കത്തീഡ്രലിൽ വച്ച് വിതരണം ചെയ്തു. പുതിയ വിദ്യാഭ്യാസ വർഷത്തിലേക്ക് പ്രവേശിച്ച 89 പേർക്ക് 10.5 ലക്ഷം രൂപയോളം വിതരണം ചെയ്യുവാൻ സാധിച്ചു. ഇതിനായി സാമ്പത്തികമായും പ്രാർത്ഥനയാലും സഹായിച്ച എല്ലാ ഇടവകാംഗങ്ങൾക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

പക്കോമിയോസ് തിരുമേനിയുടെ സഹപാഠിയായിരുന്ന കവി ശ്രീ. ചെമ്മനം ചാക്കോ അനുസ്മരണ പ്രഭാഷണം നടത്തി.

കുമാരി ക്രിസ്റ്റീന മറിയാം ചാക്കോയുടെ പ്രാർത്ഥനാ ഗാനത്തോടെ ആരംഭിച്ച സമ്മേളനത്തിൽ അഭി. തിരുമേനിമാരായ ഡോ. ഐറേനിയോസ്, ഡോ. തോമസ് മാർ അത്താനാസിയോസ്, യൂഹാനോൻ മാർ പോളി കാർപ്പോസ്, ബഹു. പി.ഐ. വർഗീസച്ചൻ, വൈ. പ്രസിഡണ്ട് ഡോ. പൗലോസ് ജെയ്ക്കബ്, ശ്രീ. പി.കെ. ഐസക് എന്നിവർ പ്രസംഗിച്ചു. വിദ്യാർത്ഥികൾ ഒരോരുത്തർക്കായി സ്കോളർഷിപ്പ് വിതരണം ചെയ്ത ശേഷം സെക്രട്ടറി ശ്രീ. കെ. കെ. ജോർജ്ജിന്റെ കൃതജ്ഞതയോടെ യോഗം അവസാനിച്ചു.

### വി. കുർബ്ബാന സമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | Sept. 13 - 07.00 am, Sept. 20 - 10.00 am, Sept. 27 - 07.00 am, October 04 - 10.00 am |
| സെമിത്തേരിമുക്ക് ചാപ്പൽ: | Sept. 20 - 07.30 am, October 04 - 07.30 am |
| | എല്ലാ ശനിയാഴ്ചയും കുർബ്ബാന 6.45 am |

## ആദരാഞ്ജലികൾ



**കെ. വി. താവു**

ജനനം: 25 - 05 - 1935 മരണം: 19 - 08 - 2015

**Sunstar Furnishing,** T.D. Road
**Kolady Agencies,** Tata Pipeline Road
**Top Steel House,** Mather Street, Broadway

### അഭിനന്ദനങ്ങൾ



കൊച്ചി യൂണിവേഴ്സിറ്റിയിൽ നിന്നും ബയോടെക്നോളജിയിൽ ഡോക്ടറേറ്റ് നേടിയ **ഹെൽവിൻ വിൻസന്റ്**. വടുതല ഉദയംചേരി വീട്ടിൽ ജോബി നിർമ്മൽ പീറ്ററിന്റെ ഭാര്യയും വനിതാ സമാജാംഗം ശ്രീമതി വി.എസ്. സുഷമയുടെ മരുമകളുമാണ്. എറണാകുളം സെന്റ് തെരേസാസ് കോളേജിൽ സുവോളജി വിഭാഗം ഗസ്റ്റ് ലക്ചററാണ്.



നമ്മുടെ ഇടവകാംഗം ശ്രീ. ചാക്കോ ഫിലിപ്പിന്റെയും ശ്രീമതി മറിയാമ്മ ചാക്കോയുടെയും മകൻ **സിറിൽ ഫിലിപ്പ് ചാക്കോ,** Plus One പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടി പ്രശസ്ത വിജയം കരസ്ഥമാക്കി.

*പാരിഷ് ന്യൂസിന്റെ അഭിനന്ദനങ്ങൾ*

### നിര്യാതരായി



എറണാകുളം അയ്യപ്പൻകാവ് ടാറ്റാ പൈപ്പ് ലൈൻ റോഡ്, കോലാടി വീട്ടിൽ, ശ്രീ. **കെ.വി. താവു** (80 വയസ്) 19-08-2015 ൽ നിര്യാതനായി. ശവസംസ്ക്കാരം 20-08-2015 ൽ കുന്ദംകുളം ആർത്താറ്റ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ സെമിത്തേരിയിൽ നടത്തി.



എറണാകുളം മരട് കാട്ടിത്തറ റോഡ്, ഐസക് നിവാസിൽ ശ്രീ. എ. ദാനിയേലിന്റെ ഭാര്യ ശ്രീമതി **നിസ്സി നൈനാൻ** (44 വയസ്സ്) 25-08-2015 ൽ നിര്യാതയായി. ശവസംസ്ക്കാരം 29-08-2015 ൽ എളംകുളം സെമിത്തേരിയിൽ നടത്തി.

*ആദരാഞ്ജലികൾ*